(3) അങ്കമാലി കേരളാ ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെ പ്രവർത്തനം

ശ്രീ. പി. ജെ. ജോയി: സർ, അങ്കമാലിയിലെ ടെൽക് എന്ന പൊതുമേഖലാ സ്ഥാപനം കഴിഞ്ഞ ഏതാനും വർഷങ്ങളായി ബി. ഐ. എഫ്. ആർ.-ന്റെ പിടിയിലാണ്. ഇപ്പോൾ അത് ഹൈക്കോടതി വിധിയെത്തുടർന്ന് AIFR-ന് റഫർ ചെയ്തിരിക്കുകയാണ്. അടിയന്തിരമായി ഫണ്ട് അനുവദിച്ച് വൺ ടൈം സെറ്റിൽമെന്റിലൂടെ പദ്ധതികൾ ഒരുക്കിയില്ലെങ്കിൽ ആ കമ്പനി അടച്ചു പൂട്ടുവാൻ എ. ഐ. എഫ്. ആർ. തീരുമാനിക്കുന്ന ഒരു സാഹചര്യമുണ്ട്. ഒരു പാക്കേജിലൂടെ, ഒരു വൺടൈം സെറ്റിൽമെന്റിലൂടെ തുക കണ്ടെത്തി സെറ്റിൽ ചെയ്യാനും, ബി. ഐ. എഫ്. ആർ.-ൽനിന്ന് വിട്ടുകിട്ടുന്നതിനും നടപടി സ്വീകരിക്കണം. അത് പൊതുമേഖലയിൽത്തന്നെ നിലനിർത്തിക്കൊണ്ടു പോകുവാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുവാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):* സർ, ടെൽക്കിന്റെ accumulated loss 70 കോടി രൂപ ആയതോടെ കമ്പനി ബി. ഐ. എഫ്. ആർ.-ന്റെ പരിധിയിൽ വരുകയും കമ്പനിയുടെ മാനേജുമെന്റിനെ മാറ്റുവാൻ ബി. ഐ. എഫ്. ആർ. ഉത്തരവിടുകയും ചെയ്തു. ഈ അവസരത്തിൽ ടെൽക്കിന് ടെക്നോളജി പാർട്നർ ഇല്ലാതെ ലാഭകരമായി മുന്നോട്ടുപോകുവാൻ കഴിയുകയില്ലെന്ന് കണ്ടെത്തിയപ്പോൾ സ്ട്രാറ്റജിക് പാർട്നർക്കുവേണ്ടി ടെൽക് കമ്പനിതന്നെ പരസ്യം കൊടുക്കുകയും 'സീമെൻസ്' എന്ന അന്താരാഷ്ട്ര കമ്പനി ടെൽക് ഏറ്റെടുക്കുവാൻ തയ്യാറാകുകയും ചെയ്തു. എന്നാൽ സീമെൻസ് എഗ്രിമെന്റ് വയ്ക്കുന്നതിനു മുമ്പ് 76% ഷെയർ വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ അവരോട് ഗവൺമെന്റ് യോജിക്കുകയുണ്ടായില്ല. ഇപ്പോൾ സീമെൻസിന് മഹാരാഷ്ട്രയിൽ പുതുതായി ഒരു കമ്പനി സ്ഥാപിക്കുന്നതിന് അംഗീകാരം ലഭിച്ചതായി അറിയുന്നു. ഈ അവസരത്തിൽ കമ്പനിയുടെ ഭാവി പരിപാടി നിശ്ചയിക്കുന്നതിനായി 27-6-2005-ൽ എല്ലാ തൊഴിലാളി യൂണിയനുകളുടേയും ജനപ്രതിനിധികളുടേയും ഒരു യോഗം വിളിച്ചുകൂട്ടുകയും കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. ആഗോള മാർക്കറ്റിൽ പവർ സെക്ടറിന്റെ പ്രാധാന്യം വർദ്ധിച്ചു വരുന്ന ഈ സമയത്ത് ടെൽകിന് ടെക്നോളജി പാർട്നർ ഇല്ലാതെ മുന്നോട്ടു പോകുവാൻ കഴിയില്ലായെന്ന് പ്രസ്തുത മീറ്റിംഗിൽ വ്യക്തമാക്കുകയുണ്ടായി. ഇപ്പോൾ ഫ്രഞ്ച് ഗവൺമെന്റിന്റെ 'അറൈവ' എന്ന ഒരു പബ്ലിക് സെക്ടർ കമ്പനി ടെൽക്കിൽ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. അറൈവയുടെ ടെക്നോളജി അന്താരാഷ്ട്ര നിലവാരത്തിൽ മെച്ചപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിന് പുതിയ ബിഡ് വയ്ക്കേണ്ടതായി വരും. കൂടുതൽ നടപടികൾ ആയിട്ടില്ല. ടെൽക്കിനെ ബി. ഐ. എഫ്. ആർ.-ൽനിന്ന് പുറത്തുകൊണ്ടു വരുന്നതിനും അത്യാവശ്യം യന്ത്ര സാമഗ്രികൾക്കും മറ്റും വേണ്ടി 61.2 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപയുടെ ഒറ്റത്തവണ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. ഗവൺമെന്റിന്റെ ഇന്നത്തെ സാമ്പത്തിക സാഹചര്യത്തിൽ ഇത്രയും തുക നൽകുന്നതിന് ഗവൺമെന്റിന് പ്രയാസമുണ്ട്. പുതിയ ടെക്നോളജി നൽകുവാൻ സ്ട്രാറ്റജിക് പാർട്നർ ഇല്ലാതെ കമ്പനിക്ക് ദേശീയതലത്തിലോ അന്താരാഷ്ട്ര തലത്തിലോ പിടിച്ചു നിൽക്കുവാൻ കഴിയുകയില്ല. കഴിയുന്നതും ഗവൺമെന്റിന്റെ ഈ സ്ഥാപനം പൊതുമേഖലയിൽ നിലനിർത്തുന്നതിനാണ് താല്പര്യം. പക്ഷേ സാഹചര്യങ്ങൾ വളരെ മോശമാണെന്ന് അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

(4) മഹിളാപ്രധാൻ ഏജന്റുമാരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. ജോണി നെല്ലൂർ: സർ, നമ്മുടെ സംസ്ഥാനത്ത് പതിനായിരത്തിലധികം വരുന്ന സ്വയം തൊഴിൽ ചെയ്തു ജീവിക്കുന്ന മഹിളാ പ്രധാൻ ഏജന്റുമാർ ഇന്ന് നേരിടുന്ന ഗുരുതരമായ ചില വിഷമങ്ങൾ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ കൊണ്ടുവന്നത്. അവർക്ക് നൽകി വന്നിരുന്ന ബോണസ് ഒന്നേകാൽ ശതമാനത്തിൽനിന്ന് ഒരു ശതമാനമായി വെട്ടിക്കുറയ്ക്കുകയും ബോണസ്പരിധി പരമാവധി പതിനയ്യായിരം രൂപയായി നിജപ്പെടുത്തുകയും ചെയ്ത നടപടി അവർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുകയാണ്. ഏജന്റുമാർക്ക് കിട്ടുന്ന കമ്മീഷനും അലവൻസും അവരുടെ നിത്യചെലവിനും പണം പിരിക്കുവാൻ പോകുന്ന യാത്രാ ചെലവിനും തികയുകയില്ല എന്നുള്ള ആക്ഷേപം നിറവേറ്റുന്നോഴാണ് ഇവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും, വീട്ടുകാരുടെ കടബാദ്ധ്യതയ്ക്കുമൊക്കെ വേണ്ടി ആശ്വാസകരമായി കരുതിയിരുന്ന ബോണസ് പോലും ഇപ്പോൾ വെട്ടിച്ചുരുക്കിയിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ആർ.ഡി. നിക്ഷേപത്തിന്റെ വലിയ ഒരു പങ്ക് സ്ഥിര നിക്ഷേപമായി വരുന്നതും അതുപോലെതന്നെ ഖജനാവിൽ പണം കിട്ടുന്നതുമൊക്കെ ഈ ഏജന്റുമാരുടെ പ്രവർത്തനംമൂലമാണ്. സ്ഥിര നിക്ഷേപത്തിന്റെ സംഭരണിയിലേക്ക് ഒഴുകിയെത്തുന്ന ശക്തമായ ധാരയാണ് ആർ.ഡി. നിക്ഷേപം. ഇങ്ങനെയുള്ള സാഹചര്യത്തിൽ പതിനായിരത്തിലധികം വരുന്ന സ്വയം തൊഴിൽ ചെയ്തു ജീവിക്കുന്ന സഹോദരിമാരോടു കാണിച്ചിരിക്കുന്ന കൊടിയ ക്രൂരത വെട്ടിച്ചുരുക്കിയ ബോണസ്-പഴയ സ്ഥിതിയിലേക്ക് ആക്കുകയും അതുപോലെ നിശ്ചയിച്ചിരിക്കുന്ന പതിനഞ്ചായിരം എന്ന പരിധി എടുത്തുകളഞ്ഞ് പഴയതുപോലെ പുനഃസ്ഥാപിക്കുകയും ചെയ്യണമെന്നാണ് ബഹുമാന്യനായ ധനകാര്യ വകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, ഇത് ഒരു തെറ്റിദ്ധാരണയുടെ പേരിലാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഇവർക്ക് ആകെ കൊടുക്കുന്നത് ഒന്നേകാൽ ശതമാനം ബോണസ് മാത്രമല്ല. ഇതിനു പുറമേ കേന്ദ്ര ഗവൺമെന്റ് നാലു ശതമാനം കമ്മീഷനും കേരള

LIBRARY ARCHIVES Kerala Legislative Assembly